"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് ജില്ല - വാണിമേൽ ക്രസന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുള്ള എച്ച്.എസ്.എസ് ടി (ജൂനിയർ) അറബിക്ക് തസ്തിക, എച്ച്. എസ്. എസ്. ടി (അറബിക്) തസ്തികയായി ഉയർത്തി ശ്രീ. ഷൗക്കത്തലി പുതിയോട്ടിലിന് പ്രസ്തുത തസ്തികയിൽ നിയമനാംഗീകാരം നൽകി, ബഹു. ഹൈക്കോടതിയുടെ **15664/2024** നമ്പർ റിട്ട് ഹർജിയിന്മേലുള്ള **11.12.2024** ലെ വിധിന്യായം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.**192/2025/GEDN** തീയതി,തിരുവനന്തപുരം, **20-12-2025**

---

പരാമർശം:-

1. സ.ഉ (എം എസ്) നം. **106/2017**/പൊവിവ തിയതി **21/8/2017**
2. സ.ഉ. (സാധാ) നം. **1516/2018**/പൊ.വി.വ തിയതി. **21/4/2018**
3. **16/12/2019** ലെ **610/റ്റി2/2019**/പൊവിവ നമ്പർ കത്ത്.
4. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **22309/2023** നമ്പർ റിട്ട് ഹർജിയിന്മേലുള്ള **10/7/2023** ലെ വിധിന്യായം
5. സ.ഉ (സാധാ) നം. **2516/2024**/പൊവിവ തിയതി **2/4/2024**
6. കോഴിക്കോട് ജില്ലയിലെ വാണിമേൽ ക്രസന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) അറബിക് ശ്രീ. ഷൗക്കത്തലി പുതിയോട്ടിൽ സമർപ്പിച്ച **13/5/2023** ലെ റിവ്യൂ ഹർജി.
7. കോഴിക്കോട് ജില്ലയിലെ വാണിമേൽ ക്രസന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) അറബിക് ശ്രീ. ഷൗക്കത്തലി പുതിയോട്ടിൽ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. **15664/2024** ന്മേലുള്ള **11/12/2024** ലെ വിധിന്യായം.
8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി) **6/6/2022** ലെ എസിഡിസി.സി3/**231785/2022**/ഡി എച് എസ് ഇ നമ്പർ കത്ത്
9. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി) **8/10/2025** ലെ എസിഡിസി.സി3/**1770/2025**/ഡിജിഇ/എച്

എസ് ഇ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വാണിമേൽ ക്രസന്റ് ഹയർ സെക്കന്ററി സ്ക്കൂളിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ) അറബിക് അധ്യാപകനായ ശ്രീ. ഷൗക്കത്തലി പുതിയോട്ടിൽ, പ്രസ്തുത സ്ക്കൂളിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ) അറബിക്ക് തസ്തിക, എച്ച്. എസ്. എസ്. ടി ആയി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 22309/2023 നമ്പർ റിട്ട് ഹർജിയിൻമേലുള്ള 10-07-2023 ലെ വിധിന്യായ പ്രകാരം ടിയാൻ സമർപ്പിച്ച ഹർജി സർക്കാർ പരിശോധിക്കുകയും സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന വിഷയമായതിനാൽ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ചോദ്യം ചെയ്തു കൊണ്ട് ഹർജിക്കാരൻ ബഹു.ഹൈക്കോടതിയിൽ 15664/2024 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും സ്ക്കൂളിൽ 2018-19 അധ്യയന വർഷം മുതൽ എച് എസ് എസ് ടി (അറബിക്) തസ്തിക അനുവദിച്ച് എല്ലാ ആനുകൂല്യങ്ങളോടെയും ഹർജിക്കാരിന് നിയമനം നൽകുന്നതിന് ബഹു ഹൈക്കോടതി 11-12-2024 ന് പരാമർശം (7) വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു.

(2) പരാമർശം (1) ഉത്തരവ് പ്രകാരം ടി സ്ക്കൂളിൽ എച്ച്.എസ്.എസ്.ടി (അറബിക്) തസ്തിക അനുവദിച്ചിരുന്നു. എന്നാൽ പിന്നീട് ആവശ്യത്തിനു കുട്ടികൾ ഇല്ല എന്ന് കണ്ടെത്തി പരാമർശം (2) പ്രകാരം എച്ച്.എസ്.എസ്.ടി അറബിക് തസ്തിക, ഡൗൺ ഗ്രേഡ് ചെയ്ത് എച്ച്.എസ്.എസ്.ടി അറബിക് (ജൂനിയർ) ആക്കി ഉത്തരവായിരുന്നു. ഹർജിക്കാരനായ ശ്രീ. ഷൗക്കത്തലി പുതിയോട്ടിൽ 09/07/2018 മുതൽ എച്ച്.എസ്.എസ്.ടി ജൂനിയർ (അറബിക്) തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നു. ടി തസ്തിക എച്ച്. എസ്. എസ്. ടി (അറബിക്) തസ്തികയായി ഉയർത്തി ടിയാന് പ്രസ്തുത തസ്തികയിൽ നിയമനാംഗീകാരം നൽ കണമെന്നാണ് ബഹു ഹൈക്കോടതി 11-12-2024 ലെ വിധിന്യായ പ്രകാരം ഉത്തരവായിട്ടുള്ളത്.

(3) ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള/ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പരാമർശം (3) കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. തുടർച്ചയായ 3 വർഷം മതിയായ എണ്ണം കുട്ടികൾ ഉള്ള കോഴ്സുകളാണ് (പ്ലസ് വണ്ണിലും പ്ലസ് ടു വിലും 50 കുട്ടികൾ വീതം) തസ്തിക നിർണ്ണയത്തിന്/ അപ്ഗ്രേഡ് ചെയ്യുന്നതിന് പരിഗണിക്കുന്നത്. വിദ്യാർത്ഥികളുടെ എണ്ണം സൂചിപ്പിക്കുന്ന ICT cell റിപ്പോർട്ട് പ്രകാരം സ്ക്കൂളിലെ എച് എസ് എസ് ടി (ജൂനിയർ) അറബിക് തസ്തിക, 2018-19 അധ്യയന വർഷം മുതൽ എച് എസ് എസ് ടി (അറബിക്) തസ്തികയായി ഉയർത്തുന്നതിനുള്ള വിദ്യാർത്ഥികൾ നിലവിലുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻ്ററി) ശുപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് വാണിമേൽ

ക്രസന്റ് ഹയർസെക്കന്ററി സ്ക്കൂളിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ) അറബിക് തസ്തിക എച്ച്.എസ്.എസ്.ടി അറബിക് തസ്തികയായി ഉയർത്തുന്നതിനുള്ള വിദ്യാർത്ഥികൾ **2018-19** അദ്ധ്യയന വർഷം മുതൽ ലഭ്യമാണെന്ന വസ്തുത പരിഗണിച്ചുകൊണ്ട്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **15664/2024** നമ്പർ റിട്ട് ഹർജിയിന്മേലുള്ള **11.12.2024** ലെ വിധിന്യായം പ്രകാരം കോഴിക്കോട് ജില്ലയിലെ വാണിമേൽ ക്രസന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുള്ള എച്ച്.എസ്.എസ് ടി (ജൂനിയർ) അറബിക്ക് തസ്തിക എച്ച്. എസ്. എസ്. ടി (അറബിക്) തസ്തികയായി ഉയർത്തി ഹർജിക്കാരനായ ശ്രീ. ഷൗക്കത്തലി പുതിയോട്ടിലിന് പ്രസ്തുത തസ്തികയിൽ **2018-19** അധ്യയന വർഷം മുതൽ നോഷണലായും, ഉത്തരവ് തീയതി മുതൽ മാത്രം സാമ്പത്തിക ആനുകൂല്യങ്ങളോടെയും നിയമനാംഗീകാരം നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നൽകി, അപ്രകാരം ബഹു. ഹൈക്കോടതിയുടെ **11.12.2024** ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട്
മാനേജർ, ക്രസന്റ് ഹയർസെക്കന്ററി സ്ക്കൂൾ, വാണിമേൽ, കോഴിക്കോട്
ശ്രീ. ഷൗക്കത്തലി പുതിയോട്ടിൽ, എച്ച്.എസ്.എസ്.ടി (അറബിക്), ക്രസന്റ് ഹയർസെക്കന്ററി സ്ക്കൂൾ, വാണിമേൽ, കോഴിക്കോട്
പ്രിൻസിപ്പാൾ, ക്രസന്റ് ഹയർസെക്കന്ററി സ്ക്കൂൾ, വാണിമേൽ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കോരള, കോഴിക്കോട്
ധനകാര്യ വകുപ്പ് (എഡ്യൂക്കേഷൻ (ബി) വകുപ്പിന്റെ **27/8/2025** ലെ **E:2624418/EDN-B1/572/2023-FI** റിമാർക്സ് പ്രകാരം)
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം. **3426** തിയതി **17/12/2025**)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Asha Rani M
Date: 20-12-2025 12:40:47

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ